പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *76

02.12.2015 ൽ
മറുപടിയ്ക്ക്

# എസ്. എൻ. ഡി. പിക്ക് മൈക്രോഫിനാൻസിനായി നൽകിയ വായ്പ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. വി. വിജയദാസ്<br>" എ. കെ. ബാലൻ<br>" പി. കെ. ഗുരുദാസൻ<br>" ബി. സത്യൻ | | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) | കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, എസ്. എൻ. ഡി. പി.ക്ക് മൈക്രോഫിനാൻസിനായി വായ്പ നൽകിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ; വിശദമാക്കുമോ; | എ) | ഉണ്ട്. നിലവിലുള്ള വായ്പാ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.<br>1. NGO കൾക്ക് ലഭിക്കുന്ന വായ്പ സ്വയം സഹായ സംഘങ്ങൾ വഴി അംഗങ്ങൾക്ക് വിതരണം ചെയ്യേണ്ടതും. സംഘത്തിന് പരമാവധി 5 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്യാവുന്നതുമാണ്.<br>2. സംഘങ്ങൾവഴി ഒരു വ്യക്തിക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ 25,000/-രൂപ.<br>3. അയൽക്കൂട്ടങ്ങളിലെ അംഗസംഖ്യ 20-ൽ കൂടാൻ പാടുള്ളതല്ല.<br>4. NBCFDC മൈക്രോ ക്രെഡിറ്റ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അയൽക്കൂട്ടങ്ങളിലും 75% അംഗങ്ങളും മറ്റു പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരായിരിക്കണം.<br>5. കുടുംബ വാർഷിക വരുമാനം ഗ്രാമങ്ങളിൽ 81,000/- രൂപയിലും നഗരപ്രദേശങ്ങളിൽ 1,03,000/- രൂപയിലും താഴെ ആയിരിക്കണം.<br>6. വരുമാനദായകമായ ഏതെങ്കിലും പദ്ധതി തുടങ്ങുന്നതിന്/ നിലവിലുള്ള പദ്ധതി വിപുലീകരിക്കുന്നതിന് വായ്പാ തുക വിനിയോഗിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| ബി) | കോർപ്പറേഷൻ പ്രസ്തുത വായ്പാ തുകയ്ക്ക് ഈടാക്കുന്ന പലിശ നിരക്കെത്രയെന്നും എസ്. എൻ. ഡി. പി. മൈക്രോ ഫിനാൻസ് സംഘാംഗങ്ങളിൽ നിന്ന് ഈടാക്കുന്ന നിരക്കെത്രയെന്നും അറയിക്കുമോ; | ബി) | കോർപ്പറേഷൻ SNDP യോഗത്തിൽ നിന്നും നിലിവിൽ ഈടാക്കുന്ന പലിശ നിരക്ക് 3%ഉം. SNDP ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കേണ്ട പലിശ നിരക്ക് 5% ഉം ആണ്. |
| സി) | സംഘാംഗങ്ങൾക്ക് വായ്പ നല്കാതെ അവരുടെ പേരിൽ പണം തട്ടിയെടുത്തതായി ഉയർന്ന പരാതിയെക്കുറിച്ച് നടത്തിയ അന്വേഷണത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | സി) | വായ്പാ വിനിയോഗം സംബന്ധിച്ച് അന്വേഷണം നടന്നുവരുന്നു. |
| ഡി) | തുക വിനിയോഗ സർട്ടിഫിക്കറ്റ് യഥാസമയം നൽകിയിരുന്നോ എന്ന് വ്യക്തമാക്കുമോ; | ഡി) | നല്കിയിരുന്നില്ല. |
| ഇ) | കോർപ്പറേഷൻ നൽകുന്ന തുക എൻ. ജി. ഒകൾ ദുരുപയോഗം ചെയ്താൽ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്നും ഇത്തരത്തിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരവും ലഭ്യമാക്കുമോ? | ഇ) | തുക ദുരുപയോഗം ചെയ്താൽ കരാർ ലംഘനമായി കണക്കാക്കി കരാർ വ്യവസ്ഥകൾ പ്രകാരം 3% പലിശ കൂടാതെ 12% അധിക പലിശ ഈടാക്കി, തുക തിരിച്ച് പിടിക്കുന്നതാണ്.<br>SNDP യോഗത്തിന് എറ്റവും ഒടുവിൽ നല്കിയ വായ്പയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ജില്ലാ/ഉപജില്ലാ മാനേജർമാർ Field Verification നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**